പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2227 18.12.2012 -ലെ മറുപടി

## തിരുവനന്തപുരം തമ്പാനൂർ ബസ് സ്റ്റേഷന്റെ ആധുനികവൽക്കരണവും പുനരുദ്ധാരണവും

ചോദ്യം

ശ്രീ. വി. ശിവൻകുട്ടി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം തമ്പാനൂർ ബസ് സ്റ്റേഷന്റെ ആധുനികവൽക്കരണവും പുനരുദ്ധാരണവും എന്ന് പൂർത്തീകരിക്കും; വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ബസ് ടെർമിനൽ കോമ്പ്ളക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2013 ഏപ്രിൽ മാസം പൂർത്തിയാക്കത്തക്ക രീതിയിൽ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; | (ബി) | ബസ് ടെർമിനൽ കോംപ്ലക്സിന്റെ പ്രധാന കെട്ടിടത്തിന്റെയും അഡ്മിനിസ്ട്രേഷൻ കെട്ടിടത്തിന്റെയും സ്ട്രക്ച്ചറൽ ജോലികൾ ഏകദേശം പൂർത്തിയാക്കിയിട്ടുണ്ട്. ഫിനിഷിംഗ് വർക്കിന് മണൽ (River sand) വലിയ തോതിൽ ആവശ്യമാണ്. മണൽ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് പദ്ധതി നടത്തിപ്പിന് തടസ്സമുണ്ടാക്കുന്നുണ്ട്. കൂടാതെ കെട്ടിടത്തിന്റെ ചുറ്റും മണ്ണിട്ട് പൊക്കുവാൻ വേണ്ട മണ്ണിന് (Gravely earth) ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. കോംപ്ലക്സിനടുത്തുകൂടി കടന്നു പോകുന്ന കനാലിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ കെ.എസ്.യു.ഡി.പി. നിർവ്വഹിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഈ പണികൾ തീർന്നാൽ മാത്രമേ ബസ് ടെർമിനൽ കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | ഉണ്ടെങ്കിൽ ആയത് എന്താണെന്നും അതു പരിഹരിക്കുവാൻ സ്വീകരിച്ച നടപടി എന്താണെന്നും വ്യക്തമാക്കുമോ? | (സി) | മണൽ (River sand) ലഭിക്കുന്നതിനായി കന്യാകുമാരി ജില്ലാ കളക്ടറുടെ അനുവാദം കിട്ടുവാൻ തിരുവനന്തപുരം കളക്ടർ വഴി അപേക്ഷ കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന് ചുറ്റും മണ്ണിട്ട് (Gravely earth) ഉയർത്തുന്നതിനായിട്ടുള്ള മണ്ണ് ലഭ്യമാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ